# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3292** — **08.11.2019 ൽ മറുപടിയ്ക്ക്**

**സുഗന്ധവിള വികസന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. സി. കെ. ശശീന്ദ്രൻ<br>ശ്രീ. കെ.യു. ജനീഷ് കുമാർ<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കുരുമുളക്, ജാതി, ഗ്രാമ്പൂ തുടങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സുഗന്ധവിള വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. കുരുമുളക്, ജാതി, ഗ്രാമ്പൂ, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളെയാണ് സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| ബി) | ഏതെല്ലാം സുഗന്ധവിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | | |
| സി) | കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കൃഷിവ്യാപനം തുടങ്ങിയവയ്ക്കായി ഈ പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടോ;വിശദാംശം നൽകുമോ; | സി) | കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, കൃഷി വ്യാപനം തുടങ്ങിയവയ്ക്കായി ഈ പദ്ധതിയിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 10,000/- രൂപ വീതം ധനസഹായം നൽകിക്കൊണ്ട് 2500 ഹെക്ടറിലെ കുരുമുളക് തോട്ടങ്ങളിൽ നശിച്ചുപോയ കുരുമുളക് വള്ളികൾക്ക് പകരം പുതിയവ വച്ചുപിടിപ്പിക്കുന്നതിനും, കേടായ താങ്ങു മരങ്ങൾക്ക് പകരം പുതിയവ വച്ചുപിടിപ്പിക്കുന്നതിനും, വളപ്രയോഗം, കീടനിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>കുരുമുളക് തോട്ടങ്ങളുടെ കൃഷി വ്യാപനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 20,000/- രൂപ വീതം ധനസഹായം നൽകിക്കൊണ്ട് 875 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നു. ഇതിലേയ്ക്കായി 175 ലക്ഷം രൂപ പദ്ധതിയിൽ |

വകയിരുത്തിയിരിക്കുന്നു. ഇടുക്കി പാക്കേജ് പ്രകാരം ഇടുക്കി ജില്ലയിൽ കുരുമുളക് കൃഷി വ്യാപനത്തിനായി 4000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| ഡി) സുഗന്ധവിളകളുടെ സംയോജിത കീടനിയന്ത്രണത്തിന് പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | ഡി) ഇടുക്കി ജില്ലയിൽ കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് ഒരു ശതമാനം (1%) വീര്യമുള്ള ബോർഡോ മിശ്രിതം അല്ലെങ്കിൽ 0.2% വീര്യമുള്ള കോപ്പർ ക്ലോറൈഡ് സ്പ്രേ ചെയ്യുന്നതിന് ഹെക്ടറിന് 10,000/- രൂപ ധനസഹായം നൽകിക്കൊണ്ട് 1750 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 175 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ